Intellect Thought Submission
MSM
mujahid students movement
KERALA

ENLIGHTENING GENERATIONS
CRE
CONTINUING RELIGIOUS EDUCATION
MUJAHID STUDENTS MOVEMENT

# CRE 2025-26

## SESSION 02

**20-26 JUNE 2025**

## Segment 2

# സൂറത്തുൽ ഫലഖ്

https://youtu.be/a45Mpv5u-Ro?si=VZsVtQLK_e0DtsiE

بِسْمِ ٱللَّهِ ٱلرَّحْمَـٰنِ ٱلرَّحِيمِ

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

قُلْ أَعُوذُ بِرَبِّ ٱلْفَلَقِ (١)

**പറയുക: പുലരിയുടെ [പ്രഭാതത്തിന്റെ] റബ്ബിനോടു ഞാന്‍ ശരണം തേടുന്നു:-**

قُلْ പറയുക أَعُوذُ ഞാൻ ശരണം (രക്ഷ - അഭയം - കാവൽ) തേടുന്നു بِرَبِّ റബ്ബിനോട്, റബ്ബിൽ الْفَلَقِ പുലരിയുടെ, പ്രഭാതത്തിന്റെ

مِن شَرِّ مَا خَلَقَ ﴿٢﴾

**അവൻ സൃഷ്ടിച്ചിട്ടുള്ളവയുടെ കെടുതിയിൽ നിന്ന്;**

مِن شَرِّ مَا യാതൊന്നിന്റെ കെടുതിയിൽ (ദോഷത്തിൽ - തിന്മയിൽ) നിന്നു خَلَقَ അവൻ സൃഷ്ടിച്ച

وَمِن شَرِّ غَاسِقٍ إِذَا وَقَبَ ﴿٣﴾

**ഇരുട്ടിയ രാത്രി മൂടിവരുമ്പോൾ അതിന്റെ കെടുതിയിൽ നിന്നും;**

وَمِن شَرِّ കെടുതിയിൽ നിന്നും غَاسِقٍ ഇരുട്ടിയ രാത്രിയുടെ إِذَا وَقَبَ അതു മൂടിവരുമ്പോൾ, മൂടിയാൽ

وَمِن شَرِّ ٱلنَّفَّٰثَٰتِ فِى ٱلْعُقَدِ ﴿٤﴾

**കെട്ടുകളിൽ (മന്ത്രിച്ചു) ഊതുന്നവരുടെ കെടുതിയിൽ നിന്നും;**

وَمِن شَرِّ കെടുതിയിൽ നിന്നും النَّفَّاثَاتِ ഊത്തുക്കാരുടെ, ഊത്തുകാരികളുടെ (മന്ത്രം നടത്തുന്നവരുടെ) فِي الْعُقَدِ കെട്ടുകളിൽ

وَمِن شَرِّ حَاسِدٍ إِذَا حَسَدَ ﴿٥﴾

**അസൂയക്കാരൻ അസൂയപ്പെടുമ്പോൾ അവന്റെ കെടുതിയിൽ നിന്നും (ശരണം തേടുന്നു).**

وَمِن شَرِّ കെടുതിയിൽ നിന്നും حَاسِدٍ അസൂയ വെക്കുന്നവന്റെ إِذَا حَسَدَ അവൻ അസൂയ വെക്കുമ്പോൾ, അസൂയപ്പെട്ടാൽ

## തജ്‌വീദ്

**حُرُوف القَلْقَلَة :**

*ഈ സൂറത്തിലെ എല്ലാ ആയത്തുകളുടെയും അവസാന അക്ഷരങ്ങൾ ശ്രദ്ധിച്ചോ??*

ق، ط، ب ،ج، د

**എന്നീ അഞ്ച് അക്ഷരങ്ങളെ حُرُوف القَلْقَلَة എന്ന് വിളിക്കുന്നു.**

**ഈ അക്ഷരങ്ങൾക്ക് سُكُون നൽകപ്പെടുമ്പോൾ ചലനാത്മകമായും വ്യക്തമായും ഉച്ചരിക്കേണ്ടതാണ്.**

**ഈ അക്ഷരങ്ങളിൽ وَقْف ചെയ്യുമ്പോഴും ഈ നിയമം പാലിക്കേണ്ടതാണ്.**

**ഈ അക്ഷരങ്ങൾ ഒരു പദത്തിന്റെ അവസാനത്തിൽ سُكُون നൽകപ്പെട്ട നിലയിൽ വന്നാൽ കൂടുതൽ ചലനാത്മകമായി ഉച്ചരിക്കണം.**

മറ്റു ഉദാഹരണങ്ങൾ:

1) وَٱلسَّمَآءِ ذَاتِ ٱلْبُرُوجِ

2) وَٱلْيَوْمِ ٱلْمَوْعُودِ

## Segment 2

Camproot
a moral compass...

**മുസ്‌ലിമിന്റെ സാമൂഹിക ബാധ്യതകൾ**

# മാതാപിതാക്കൾ

**ഒരു നിമിഷം കണ്ണടക്കാമോ? എന്നിട്ട്,**
**ഉമ്മയുടെയും ഉപ്പയുടെയും മുഖം ഒന്ന് മനസ്സിലോർക്കാമോ?**
ഒരു കഥ പറയാം.
പ്രവാചകൻ ﷺ പറഞ്ഞ കഥയാണ്!

**ജുറൈജിന്റെ കഥ.**

*തികഞ്ഞ ദൈവ ഭക്തനായിരുന്നു ജുറൈജ്. ഭൗതിക വിരക്തിയിലും ആരാധനകളിലുമായി കഴിഞ്ഞു കൂടി. ആളുകളിൽ നിന്നെല്ലാം അകന്ന് ഒരു ആശ്രമം പണിത് അവിടെ കഴിഞ്ഞു കൂടി. അദ്ദേഹത്തിന്റെ ഉമ്മ അദ്ദേഹത്തെ കാണുന്നതിനായി ഇടക്കിടെ അവിടെ ചെല്ലുകയും സംസാരിക്കുകയും ചെയ്യാറുണ്ടായിരുന്നു. അത്തരത്തിൽ അദ്ദേഹം നമസ്കാരത്തിലായിരിക്കെ ഉമ്മ കാണാൻ വരികയും ജുറൈജിനെ വിളിക്കുകയും ചെയ്തു. ഉമ്മയുടെ വിളിക്കുത്തരം നൽകുകയാണോ നമസ്കാരം പൂർത്തീകരിക്കുകയാണോ വേണ്ടതെന്ന് അദ്ദേഹത്തിന് സംശയമുണ്ടായി. ഉമ്മയുടെ വിളി അവിടെ മാറ്റിവെച്ച് നമസ്കാരം പൂർത്തീരിക്കാനാണദ്ദേഹം തീരുമാനിച്ചത്. പിന്നീട് നമസ്കാരാനന്തരം തിരിഞ്ഞു നോക്കിയപ്പോഴേക്കും ഉമ്മ പോയിരുന്നു. ഇത് രണ്ടാമത്തെയും മൂന്നാമത്തെയും തവണ ആവർത്തിച്ചു. ഉമ്മയെ അത് ദേഷ്യം പിടിപ്പിച്ചു. അപ്പോഴാണ് ഉമ്മ മകനെതിരെ പ്രാർത്ഥിച്ചത്. ആ ഉമ്മയുടെ പ്രാർത്ഥന അല്ലാഹു സ്വീകരിക്കുകയും ജുറൈജിനെ പരീക്ഷിക്കുകയും ചെയ്തു. ആരാധനകൾ നിർവഹിക്കുന്നതിനായി അദ്ദേഹം ഒരു ആശ്രമം കെട്ടി അവിടെ താമസിക്കുകയായിരുന്നു. ഒരിക്കൽ അദ്ദേഹത്തിന്റെ ഉമ്മ ജുറൈജിനെ കാണാനായി അവിടെ ചെന്നു. അദ്ദേഹമപ്പോൾ നമസ്കാരത്തിലായിരുന്നു. ഉമ്മ വിളിച്ചു: മോനേ ജുറൈജ്.. നാഥാ.. എന്റെ നമസ്കാരം.. എന്റെ ഉമ്മ.. എന്നു ചിന്തിച്ച് അദ്ദേഹം നമസ്കാരം പൂർത്തിയാക്കി. നമസ്കാരം കഴിഞ്ഞ് തിരിഞ്ഞ് നോക്കിയപ്പോൾ ഉമ്മ തിരിച്ച് പോയിരുന്നു. അടുത്ത ദിവസവും അദ്ദേഹം നമസ്കാരത്തിലായിരിക്കെ ഉമ്മ വന്നു. അന്നും നമസ്കാരം കഴിഞ്ഞപ്പോഴേക്കും ഉമ്മ തിരിച്ച് പോയിരുന്നു. മൂന്നാമത്തെ ദിവസവും ഉമ്മ വന്നു. അന്നും അദ്ദേഹം നമസ്കാരത്തിലായിരുന്നു. അന്നും ജുറൈജ് നമസ്കാരം തുടർന്നപ്പോൾ ഉമ്മ പറഞ്ഞു: അല്ലാഹുവേ, ഒരു വേശ്യയുടെ മുഖം കാണാതെ ഇദ്ദേഹത്തെ മരിപ്പിക്കരുതേ.*

*ബനൂഇസ്രായീല്യർ ജുറൈജിനെയും അദ്ദേഹത്തിന്റെ ആരാധനയെയും കുറിച്ച് പരസ്പരം പറയാറുണ്ടായിരുന്നു. സുന്ദരിയായ ഒരു വേശ്യ അവർക്കിടയിലുണ്ടായിരുന്നു. അവൾ പറഞ്ഞു: നിങ്ങൾക്ക് താൽപര്യമുണ്ടെങ്കിൽ ഞാനവനെ വശീകരിക്കാം. അവൾ അദ്ദേഹത്തിന്റെ മുന്നിലൂടെ നടന്നു, എന്നാൽ ജുറൈജ് അവളിലേക്ക് നോക്കിയതേയില്ല. അപ്പോൾ അദ്ദേഹത്തിന്റെ ആശ്രമത്തിലേക്ക് ഒരു ഇടയൻ കടന്ന് വന്നു. അവൾ ഇടയനുമായി അവിഹിതത്തിലേർപ്പെട്ടു. അവൾ ഗർഭിണിയാവുകയും ചെയ്തു. അവൾ പ്രസവിച്ചപ്പോൾ പറഞ്ഞു: ഇത് ജുറൈജിന്റെ കുട്ടിയാണ്. ആളുകൾ ആശ്രമത്തിൽ ചെന്ന് അദ്ദേഹത്തെ വലിച്ചിറക്കി. ആശ്രമം തകർക്കുകയും അദ്ദേഹത്തെ മർദ്ദിക്കുകയും ചെയ്തു. അദ്ദേഹം ചോദിച്ചു: എന്തു പറ്റി നിങ്ങൾക്കെല്ലാം? അവർ പറഞ്ഞു: നീ ഈ വേശ്യയുമായി വ്യഭിചാരത്തിലേർപ്പെട്ടു, അവൾ ഇപ്പോൾ പ്രസവിച്ചിരിക്കുന്നു. അദ്ദേഹം ചോദിച്ചു: കുട്ടി എവിടെ? അവർ കുട്ടിയുമായി വന്നു. എന്നിട്ടദ്ദേഹം പറഞ്ഞു: ഞാനൊന്ന് നമസ്കരിക്കട്ടെ, നമസ്കരിച്ച ശേഷം കുട്ടിയുടെ വയറിന് തട്ടികൊണ്ട് ചോദിച്ചു: മോനേ, ആരാണ് നിന്റെ പിതാവ്? അപ്പോൾ കുട്ടി പറഞ്ഞു: ആ ഇടയനാണെന്റെ പിതാവ്. ആളുകളെല്ലാം ജുറൈജിനെ കെട്ടിപിടിച്ച് ക്ഷമാപണം നടത്തി. അവർ പറഞ്ഞു: ഞങ്ങൾ സ്വർണ്ണം കൊണ്ട് നിങ്ങൾക്കൊരു ആശ്രമം പണിതു തരാം. അത് വേണ്ട, മണ്ണുകൊണ്ടുള്ളത് തന്നെ മതിയെനിക്കെന്ന് അദ്ദേഹം പറഞ്ഞപ്പോൾ അവരത് ഉണ്ടാക്കി കൊടുത്തു. കുറഞ്ഞകാലത്തേക്ക് ആണെങ്കിലും ആ ഉമ്മയുടെ പ്രാർത്ഥന അല്ലാഹു സ്വീകരിച്ചു.*

**ജുറൈജിന്റെ കഥ: ഗുണപാഠം**

1. ഉമ്മയോടുള്ള കടമകൾ മറക്കരുത്. **അവരുടെ പ്രാർത്ഥന** സ്വീകരിക്കപ്പെടുന്നതാണ്.
2. **മതഭക്തനാണെങ്കിൽ പോലും** അവനെതിരിൽ ഉമ്മയുടെ മനമുരുകിയുള്ള പ്രാർഥന അല്ലാഹു സ്വീകരിക്കും.

- **നമ്മുടെ ഉമ്മയും, വാപ്പയുമായുള്ള ബന്ധം?**

**ഏറ്റവും വലിയ പാപം ഏതാണ്?**

**أَلاَ أُنَبِّئُكُمْ بِأَكْبَرِ الْكَبَائِرِ "قُلْنَا بَلَى يَا رَسُولَ اللَّهِ. قَالَ " الإِشْرَاكُ بِاللَّهِ، وَعُقُوقُ الْوَالِدَيْنِ.**

നബി ﷺ പറഞ്ഞു: "ഞാൻ നിങ്ങൾക്ക് മഹാപാപങ്ങളെക്കുറിച്ച് അറിയിച്ചുതരട്ടെയോ?" (മൂന്നുതവണ നബി ﷺ ഇത് ആവർത്തിച്ചു) അവർ പറഞ്ഞു: "അല്ലാഹുവിന്റെ ദൂതരേ, അതെ." നബി ﷺ പറഞ്ഞു: "അല്ലാഹുവിൽ പങ്കുചേർക്കൽ, മാതാപിതാക്കളെ ധിക്കരിക്കൽ."

**അതിനോട് ചേർത്തുപറഞ്ഞു:**

وَقَضَىٰ رَبُّكَ أَلَّا تَعۡبُدُوٓاْ إِلَّآ إِيَّاهُ وَبِٱلۡوَٰلِدَيۡنِ إِحۡسَٰنًاۚ إِمَّا يَبۡلُغَنَّ عِندَكَ ٱلۡكِبَرَ أَحَدُهُمَآ أَوۡ كِلَاهُمَا فَلَا تَقُل لَّهُمَآ أُفّٖ وَلَا تَنۡهَرۡهُمَا وَقُل لَّهُمَا قَوۡلٗا كَرِيمٗا

അവനെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്നും മാതാപിതാക്കൾക്ക് നന്മ ചെയ്യണമെന്നും നിൻറെ രക്ഷിതാവ് വിധിച്ചിരിക്കുന്നു. അവരിൽ (മാതാപിതാക്കളിൽ) ഒരാളോ അവർ രണ്ട് പേരും തന്നെയോ നിന്റെ അടുക്കൽ വെച്ച് വാർദ്ധക്യം പ്രാപിക്കുകയാണെങ്കിൽ അവരോട് നീ 'ഛെ' എന്ന് പറയുകയോ, അവരോട് കയർക്കുകയോ ചെയ്യരുത്. അവരോട് നീ മാന്യമായ വാക്ക് പറയുക....

**ഈ ആയത്തിൽ നിന്ന്**

1. **മാതാപിതാക്കളോട് മര്യാദയോടെ സംസാരിക്കുക, മാന്യമായി വാക്കുകൾ പറയുക.**

    നമുക്ക് ഇഷ്ടമുള്ളതും ആവശ്യമുള്ളതും ഒക്കെ വേണം എന്ന് ചിലപ്പോഴൊക്കെ നമ്മൾ വാശി പിടിക്കാറില്ലേ? അതിന്റെ പേരിൽ വഴക്ക് കൂടാറില്ലേ?

    നമ്മൾ എപ്പോഴെങ്കിലും ഉപ്പയോട്, ഉപ്പാ നിങ്ങൾക്ക് എന്തെങ്കിലും സാമ്പത്തിക ബുദ്ധിമുട്ടുകൾ ഉണ്ടോ? ഉപ്പ ഓകെ അല്ലേ? എന്ന് ചോദിച്ചിട്ടുണ്ടോ?

    എന്റെ ഈ ആവശ്യത്തിന് ചിലവാക്കാൻ ഉപ്പയുടെ വരുമാനം തികയുമോ എന്ന് ചിന്തിച്ചിട്ടുണ്ടോ?

2. **മാതാപിതാക്കളോട് 'ഛെ' എന്നുപോലും പറയാൻ പാടില്ല. 'ഛെ' എന്നുപറയുന്നത് വെറുപ്പിന്റെ ഏറ്റവും ചെറിയ വാക്കാണ്**
    - പ്രായം ചെന്ന ഉപ്പ വീടിന്റെ മുന്നിൽ... തുപ്പുന്നു. അറപ്പോടെ....

3. **മാതാപിതാക്കളെ അനുസരിക്കണം.**
    - കൂട്ടുകാർ പറയുന്നത് കേൾക്കും, ബെസ്റ്റി പറയുന്നത് കേൾക്കും...
    - ഉമ്മാക്ക് വല്ലതും പറയാനുണ്ടെങ്കിൽ കൂട്ടുകാരെ വിളിച്ച് പറയുന്ന അവസ്ഥ...

4. **മാതാപിതാക്കളുമായി കൂടിയാലോചന നടത്തണം.**
    - വലിയ കുട്ടികൾ ആകുമ്പോൾ കൂടിയാലോചനകൾ മറക്കും...

- സ്കൂളിലെ/കോളേജിലെ വിവരങ്ങൾ, പ്രധാനപ്പെട്ട തീരുമാനങ്ങൾ,
- നമ്മുടെ കൈയിലുള്ള പണം കൊണ്ടാണെങ്കിലും ...

5. **മാതാപിതാക്കളോട് വിനയവും കാരുണ്യവും കാണിക്കുക.**
    - ഉമ്മാന്റെ മരുന്ന്, വസ്ത്രം, അവരുടെ മറ്റു ആവശ്യങ്ങൾ കണ്ടറിയുക

- ഉമ്മാ, നിങ്ങളുണ്ടാക്കിയ ഭക്ഷണം നല്ല രുചിയുണ്ട് ട്ടോ എന്ന് പറയാറുണ്ടോ?
- ഒഴിവുള്ളപ്പോൾ ഉമ്മയെ സഹായിക്കാൻ മനസ്സ് കാണിക്കാറുണ്ടോ?
- അടുക്കളയിലെ ജോലി മുഴുവൻ ഉമ്മ മാത്രം ചെയ്യേണ്ടതാണോ? നമ്മുടെ കാര്യങ്ങൾ കൂടെ ചെയ്ത് ഉമ്മ ക്ഷീണിക്കുന്നത് ശ്രദ്ധിക്കുന്നില്ലേ?
- ഉമ്മക്ക് വേദനയോ മറ്റോ വന്നാൽ ഉമ്മയെ പരിചരിക്കാൻ....
- പുറത്ത് പോയി കൂട്ടുകാർക്കൊപ്പം ഭക്ഷണം കഴിക്കുമ്പോ ഉമ്മക്കും ഉപ്പാക്കും കൊണ്ട് വരാൻ തോന്നാറുണ്ടോ?

## ആക്റ്റിവിറ്റി ;

1. **ഇതുപോലെ മാതാപിതാക്കൾക്ക് നന്മ ചെയ്യണം എന്ന് ശിർക്കിനോട്/ തൗഹീദിനോട് ചേർത്തു പറഞ്ഞ ആയത്തുകൾ കണ്ടെത്തുക**

2. **ഖുർആനിൽ ووصينا എന്ന് മൂന്ന് തവണ പ്രയോഗിച്ചിട്ടുണ്ട് അവ കണ്ടെത്തുക**

### അവരെ ഉപദ്രവിച്ചാൽ?

1. **അല്ലാഹു പരിഗണിക്കില്ല**

ثَلَاثَةٌ لاَ يَنْظُرُ اللَّهُ عَزَّ وَجَلَّ إِلَيْهِمْ يَوْمَ الْقِيَامَةِ الْعَاقُّ لِوَالِدَيْهِ وَالْمَرْأَةُ الْمُتَرَجِّلَةُ وَالدَّيُّوثُ

നബി ﷺ പറഞ്ഞു: മൂന്ന് വിഭാഗം ആളുകളെ  അല്ലാഹു അന്ത്യദിനത്തിൽ നോക്കുകയില്ല. മാതാപിതാക്കളോട് അനുസരണക്കേട് കാണിക്കുന്നവർ, പുരുഷവേഷത്തിൽ നടക്കുന്ന സ്ത്രീകൾ, സ്വന്തം സംരക്ഷണത്തിലുള്ള സ്ത്രീകളെ മറ്റുള്ളവർക്ക് കാഴ്ച വെക്കുന്നവർ എന്നിവരാണവർ. (നസാഇ:2562)

**2. മൂക്ക് കുത്തി  വീഴും (അവനാണ് നാശം).**

**പ്രവാചകൻ ﷺ മിമ്പറിൽ ആമീൻ പറയുന്നു. ജിബ്‌രീൽ (അ) പ്രാർഥിച്ചു:**

رَغِمَ أَنْفُ عَبْدٍ أَدْرَكَ أَبَوَيْهِ أَوْ أَحَدَهُمَا لَمْ يُدْخِلْهُ الْجَنَّةَ، قُلْتُ: آمِينَ.

“പ്രായമായ മാതാപിതാക്കളിൽ ഒരാളെയോ അല്ലെങ്കിൽ രണ്ടു പേരെയോ (സംരക്ഷിക്കാൻ അവസരം) കിട്ടിയിട്ടും സ്വർഗത്തിൽ പ്രവേശിച്ചിട്ടില്ലാത്തവന്റെ മൂക്ക് മണ്ണിൽ കുത്തട്ടെ (നശിക്കട്ടെ).”

**3. അല്ലാഹുവിന്റെ കോപം**

**سَخَطُ اللهِ فِي سَخَطِ الْوَالِدَيْنِ**

നബി(സ്വ) പറഞ്ഞു :അല്ലാഹുവിന്റെ കോപം മാതാപിതാക്കളുടെ കോപത്തിലാണ്

**നേട്ടങ്ങൾ?**

1. **അല്ലാഹുവിന്റെ തൃപ്തി**

**رِضَا اللهِ فِي رِضَا الْوَالِدَيْنِ**

നബി(സ്വ) പറഞ്ഞു :അല്ലാഹുവിന്റെ തൃപ്തി മാതാപിതാക്കളുടെ തൃപ്തിയിലാണ്.

2. **സ്വർഗം ലഭിക്കും:**

**الْوَالِدُ أَوْسَطُ أَبْوَابِ الْجَنَّةِ فَإِنْ شِئْتَ فَأَضِعْ ذَلِكَ الْبَابَ أَوِ احْفَظْهُ.**

സ്വർഗത്തിന്റെ വാതിലുകളിൽ ഏറ്റവും ശ്രേഷ്ഠം മാതാപിതാക്കളാണ്. ആ വാതിൽ പാഴാക്കണോ കാത്തുസൂക്ഷിക്കണോ എന്നത് നിന്റെ ഇഷ്ടം പോലെയാണ്.”
(തുർമുദി: 1900)

**മാതാപിതാക്കൾക്ക് വേണ്ടി നിരന്തരം പ്രാർത്ഥിക്കുക**
**നബി(സ) നിരന്തരമായി ചൊല്ലിയ ഖുർആൻ പഠിപ്പിച്ചു തന്ന പ്രാർത്ഥന:**

**رَّبِّ ٱرْحَمْهُمَا كَمَا رَبَّيَانِى صَغِيرًا**

എന്റെ രക്ഷിതാവേ, ചെറുപ്പത്തിൽ ഇവർ ഇരുവരും എന്നെ പോറ്റിവളർത്തിയത് പോലെ ഇവരോട് നീ കരുണ കാണിക്കണമേ)

## Segment 4

“Get it Cleared”

**താഴെ നൽകുന്ന ഇൻസ്റ്റാഗ്രാം ലിങ്കിലെ (Deen Desk) ചോദ്യവും ഉത്തരവുമാണ് ഈ ആഴ്ച ചർച്ച ചെയ്യുന്നത്.**

https://www.instagram.com/p/DAqrKDzzwD0/?img_index=6&igsh=bnBsa21yMnV4MG9l

## Segment 5

QURANIC CHAPTERS

**കഴിഞ്ഞ സെഷനിൽ പഠിച്ച ആദ്യ 5 സൂറത്തുകൾ ഓർമ്മയുണ്ടോ? അടുത്ത 5 സൂറത്തുകളുടെ പേരും പേരിന്റെ അർത്ഥവും പഠിക്കാം.**

6. **സൂറഃ അൽ അൻആം - കന്നുകാലികൾ**
7. **സൂറഃ അൽ അഅ്റാഫ് - ഉന്നത സ്ഥലങ്ങൾ**
8. **സൂറഃ അൽ അൻഫാൽ - യുദ്ധമുതൽ**
9. **സൂറഃ തൗബ - പശ്ചാത്താപം**
10. **സൂറഃ യൂനുസ് – യൂനുസ് നബി**

## WEEKLY TASK

**നിലവിൽ CRE യിൽ പങ്കെടുക്കാത്ത നിങ്ങളുടെ 3 കൂട്ടുകാരെ CRE യിലേക്ക് ക്ഷണിക്കുക.**

**ഒരാളെയെങ്കിലും പങ്കെടുപ്പിക്കണം എന്ന നിർബന്ധ ബുദ്ധിയോടെ അവരോട് CRE യെക്കുറിച്ച് അവതരിപ്പിക്കുക.**

**നമ്മൾ കാരണം അവൻ/അവൾ ഒരു നന്മ ചെയ്താൽ, ആ നന്മ അവരുടെ ജീവിതത്തിൽ ഉള്ള കാലത്തോളം നമുക്ക് പ്രതിഫലം കിട്ടും എന്നോർക്കുക; നമ്മൾ മരിച്ചാലും.**

## ASSIGNMENT

**ലഹരിക്കെതിരായി നിങ്ങൾ സ്വന്തമായി തയ്യാറാക്കുന്ന ഒരു ബോധവൽകരണ പ്രവർത്തനം (ഡിജിറ്റൽ/കയ്യെഴുത്ത് പോസ്റ്റർ, ചിത്രരചന, കഥ, കവിത, ലേഖനം, പ്രസംഗം, ഗാനം, etc.) ഗ്രൂപ്പിൽ പങ്കുവെക്കുക.**